NOT TO BE SERVED,
BUT TO SERVE.

JOSE PORUNNEDOM
BISHOP OF MANANTHAVADY

Prot. No.: 22252/2019
Circular No.11/2019

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ട സഹോദരങ്ങളേ,

അതിവർഷവും പ്രളയവും ഈ വർഷവും നമ്മെ തേടിയെത്തി. കുറേപ്പേർക്ക് ജീവൻ നഷ്ടപ്പെട്ടു. പലർക്കും ഉള്ളതെല്ലാം നഷ്ടപ്പെട്ടു. ഒരുപാട് പേർക്ക് വീട് പൂർണ്ണമായി നഷ്ടപ്പെട്ടു. അനേകം പേരുടെ വീടുകൾക്ക് ഭാഗികമായി കേട് പറ്റി. ധാരാളം പേർക്ക് അവരുടെ ഭൂമി നഷ്ടപ്പെട്ടു. അവിടെ വീടുണ്ടെങ്കിലും പ്രയോജനമില്ലാതായി. കഴിഞ്ഞ വർഷത്തെ പ്രളയത്തിന്റെ കെടുതികളിൽ നിന്ന് നാം കര കയറി വരുന്നതേയുണ്ടായിരുന്നുള്ളു. നഷ്ടപ്പെട്ടതെല്ലാം തിരിച്ച് പിടിക്കാൻ ഒരു പക്ഷേ വർഷങ്ങളെടുത്തെന്ന് വരാം. ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ ബന്ധുമിത്രാദികൾക്ക് മാനന്തവാടി രൂപതയുടെ അനുശോചനം നേരുന്നു. നാശനഷ്ടങ്ങൾ സംഭവിച്ചവരുടെ ദുഃഖദുരിതങ്ങൾ എത്രയും പെട്ടെന്ന് മാറി സാധാരണ ജീവിതത്തിലേക്ക് അവർക്ക് എത്രയും പെട്ടെന്ന് തിരിച്ച് വരാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ വർഷത്തെ അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ച് നാം കുറെയൊക്കെ ഒരുങ്ങിയിരുന്നതുകൊണ്ട് ഈ വർഷത്തെ പ്രളയത്തെ പെട്ടെന്ന് തന്നെ അതിജീവിച്ചു. പക്ഷെ വീട് നഷ്ടപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് അത് ഉണ്ടാകേണ്ടിയിരിക്കുന്നു. അവരെ സഹായിക്കുക എന്നത് നമ്മുടെ കടമയാണെന്ന് നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ഈ പ്രക്രിയയിൽ നിങ്ങളുടെ ഉദാരമായ സഹായസഹകരണങ്ങൾ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും പ്രധാനമായി നമ്മുടെ ശ്രദ്ധ തിരിയേണ്ടത് വീടില്ലാത്തവർക്ക് അതുണ്ടാക്കി കൊടുക്കുക എന്ന കാര്യത്തിലേക്കാണ്. അതുപോലെ തന്നെ ഭാഗികമായി നഷ്ടപ്പെട്ടവർക്ക് അത് നന്നാക്കി വാസയോഗ്യമാക്കാൻ സഹായിക്കുക എന്നതും നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഓരോ ഇടവകയിലും പ്രളയത്തിൽ നഷ്ടപ്പെട്ടതും കേട്ടുപാടുകൾ പറ്റിയതുമായ വീടുകളുടെ എണ്ണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ദിവസം ഞാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് എഴുതിയിരുന്നു. അതിൻ പ്രകാരം 32 ഇടവകകളിൽ നിന്ന് രൂപതാ കേന്ദ്രത്തിൽ കിട്ടിയത് പൂർണ്ണമായി നഷ്ടപ്പെട്ട 52 വീടുകളുടെയും ഭാഗികമായി നഷ്ടപ്പെട്ട 70 വീടുകളുടെയും കണക്കാണ്. ഇനിയും എവിടെയെങ്കിലുമൊക്കെ ഉണ്ടാകാം.

വീടുകൾ പണിയാനും നന്നാക്കാനും സ്ഥലം വാങ്ങാനും എല്ലാം ആരെങ്കിലും നമ്മെ സഹായിക്കും എന്ന പ്രതീക്ഷയാണുള്ളത്. ചിലരൊക്കെ സഹായം വാഗ്ദാനം ചെയ്തിട്ടുമുണ്ട്. എത്ര കിട്ടിയാലും പൂർണ്ണമായി എല്ലാവരെയും സഹായിക്കാൻ സാധിച്ചെന്ന് വരുകയില്ല. എങ്കിലും നമ്മെക്കൊണ്ട് പറ്റുന്നത് ചെയ്യുക എന്നതാണല്ലോ കരണീയം. വീടുകൾ ഭാഗികമായോ മുഴുവനായോ സ്പോൺസർ ചെയ്യാൻ താത്പര്യമുള്ളവരെ അതിനായി ക്ഷണിക്കുന്നു. രൂപതയുടെ പ്രൊക്യുറേറ്ററുമായി ബന്ധപ്പെട്ടാൽ വിശദവിവരങ്ങൾ ലഭിക്കുന്നതാണ്. മൊബൈൽ നമ്പർ: 9446993644. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സമർപ്പിത സമൂഹങ്ങൾക്കും എല്ലാം ഈ സ്പോൺസർഷിപ് പദ്ധതിയിൽ പങ്കെടുക്കാവുന്നതാണ്.

അതോടൊപ്പം തന്നെ ഈ വരുന്ന ഞായറാഴ്ച - അതായത് ഓഗസ്റ്റ് 25 ന് - ഒരു പ്രത്യേക സ്തോത്രകാഴ്ച എല്ലാ ഇടവക ദേവാലയങ്ങളിലും എടുക്കുകയും അത് ഒട്ടും താമസിക്കാതെ തന്നെ രൂപതാകേന്ദ്രത്തിലേക്ക് അയച്ചു തരുകയും ചെയ്യണം എന്ന് അറിയിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കാര്യം നാളെ (ഓഗസ്റ്റ് 18)

ഞായറാഴ്ച പള്ളിയിൽ അറിയിക്കുകയും ഏവരുടെയും ഉദാരമായ സംഭാവനകൾ അഭ്യർത്ഥിക്കുകയും ചെയ്യണം. ഓഗസ്റ്റ് 25 ന് എടുക്കുന്ന സ്തോത്ര കാഴ്ച കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൊടുക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സമിതിയുടെ പ്രസിഡന്റും എഴുതിയിട്ടുണ്ട്. ഓഗസ്റ്റ് 25 ന് കിട്ടുന്ന തുകയുടെ ഒരു ഭാഗം നമ്മുടെ രൂപതയിലും എടുക്കുകയും ബാക്കി അങ്ങോട്ട് അയച്ചു കൊടുക്കുകയും ചെയ്യാം എന്നാണ് കരുതുന്നത്. മറ്റ് രൂപതകളുടെയും ആവശ്യത്തിൽ നാം സഹായിക്കണമല്ലോ. നിങ്ങളുടെ എല്ലാവരുടെയും ഉദാരത ഞാൻ പ്രതീക്ഷിക്കുന്നു.

നേരിട്ട് രൂപതയുടെ അക്കൗണ്ടിലേക്ക് അയക്കണമെന്നുള്ളവർക്ക് അങ്ങനെയും ചെയ്യാം. അങ്ങനെയുള്ളവർക്ക് ഇവിടെ നിന്ന് നേരിട്ട് രസീത് അയച്ചു തരുന്നതാണ്. അതിനുള്ള അക്കൗണ്ട് നമ്പർ ഈ സർക്കുലറിന്റെ താഴെ ഭാഗത്ത് കൊടുത്തിട്ടുണ്ട് സ്ഥാപനങ്ങൾക്കും ഇപ്രകാരം ഈ അക്കൗണ്ടിലേക്ക് സംഭാവനകൾ ബാങ്ക് വഴി അയക്കാവുന്നതാണ്. ഇടവകകളിൽ നിന്നുള്ള സംഭാവനത്തുകയും ഈ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കേണ്ടത്. നേരിട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കുന്നവർ അത് രൂപതയുടെ പേരിൽ ചെക്കെഴുതി കൊണ്ടുവരേണ്ടതാണ്. ക്യാഷായി തുകകൾ സ്വീകരിക്കാൻ നിയമപരമായി പരിധി ഉള്ളതുകൊണ്ടാണ് അപ്രകാരം ചെയ്യേണ്ടി വരുന്നത്. അക്കൗണ്ടിലേക്ക് പണം അയക്കുമ്പോൾ ആരാണ് അയക്കുന്നതെന്നും എന്തിനാണെന്നും സൂചിപ്പിച്ചുകൊണ്ട് ഒരു സന്ദേശം 9446993644 എന്ന മൊബൈൽ നമ്പറിലേക്ക് അയക്കണം. അല്ലാത്ത പക്ഷം ആരാണ് അയച്ചതെന്നും എന്തിനാണ് അയച്ചതെന്നും അറിയാൻ കഴിയാതെ വരുകയും കണക്കിൽ ചേർക്കാൻ പറ്റാതെ വരുകയും ചെയ്യും. അയക്കുന്നവരുടെ പൂർണ്ണ മേൽവിലാസവും അറിയിക്കണം. അല്ലെങ്കിൽ രസീത് തരാൻ കഴിയില്ലല്ലോ.

നിങ്ങളുടെ സഹായസഹകരണങ്ങൾക്ക് മുൻകൂട്ടി നന്ദി പറയുകയും നിങ്ങൾ കൊടുക്കുന്നത് നൂറിരട്ടിയായി നിങ്ങളിലേക്ക് തിരികെ എത്തട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളേവരോടും കൂടെ നമ്മുടെ കർത്താവിന്റെ കൃപ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2019 ഓഗസ്റ്റ് മാസം 17 ന് നൽകപ്പെട്ടത്.

യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി മെത്രാൻ

*ഈ സർക്കുലർ 2019 ഓഗസ്റ്റ് മാസം 18 ന് വിശുദ്ധകുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## Bank Account Details

| | |
|---|---|
| Account holder: | Diocese of Mananthavady |
| Bank: | The Catholic Syrian Bank Ltd, Mananthavady Branch |
| Account No: | 006302151700190001 |
| IFSC: | CSBK0000063 |

---------------------------------------------------------------------------------------------